ശ്രീ. എം.ടി. തോമസ്, മല്ലപ്പള്ളി, മുണ്ടക്കയം എന്നയാൾ കൊണ്ടുപോയതായി അറിയുന്നു. ഇതു സംബന്ധിച്ച് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു ആഞ്ഞിലിമരം ജോമി തോമസ്, കണ്ടത്തിൽ സെന്റ് തോമസ് പള്ളി ട്രസ്റ്റിയുടെ ചുമതലയിൽ ഏൽപ്പിച്ചത് പള്ളി കോമ്പൗണ്ടിലുണ്ട്. രണ്ടാമത്തെ തടി സ്ഥലത്തുനിന്ന് നീക്കരുതെന്ന ഹൈക്കോടതി ഉത്തരവുപ്രകാരം വെട്ടിയിട്ട സ്ഥലത്തുതന്നെ കിടക്കുകയാണ്. തടിയുടെ വില നിർണ്ണയിക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്.

(എഫ്) തടിവെട്ടു സംബന്ധമായി ഉദ്യോഗസ്ഥൻമാർ ക്രമക്കേടുകൾ നടത്തിയതായി അറിവിൽപ്പെട്ടിട്ടില്ല.

(ജി) ഈ കേസ്സിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ നിന്നും നിയമാനുസൃതമായി എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. തടികൾ നീക്കം ചെയ്യുന്നത് നിരോധിക്കുകയും ശ്രീ. എം.ടി. തോമസിന്റെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മോഷ്ടിക്കപ്പെട്ട ഇലവുമരം സംബന്ധിച്ച് ഹൈക്കോടതിയുടെ അന്തിമതീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, മണിമലയാർ-പുല്ലകയാർ പുറംപോക്ക് അളന്നു തിട്ടപ്പെടുത്തുന്നതിന് തഹസീൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കടകംപള്ളി ഗ്രാമപഞ്ചായത്തിൽ പാലമരം മുറിച്ച് മാറ്റുവാനുള്ള നിർദ്ദേശം

111(2909) ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കടകംപള്ളി ഗ്രാമപഞ്ചായത്തിൽ തോപ്പിൽ അറപ്പുര കടയ്ക്കൽ റോഡിൽ പയങ്ങാച്ചിറ കുളക്കരയിൽ വഴിക്ക് തടസ്സമായി നിൽക്കുന്ന പാലമരം മുറിച്ച് മാറ്റുവാൻ സർക്കാർ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന് വീതി വർദ്ധിപ്പിക്കുന്നതിന് കുളത്തിന്റെ ഭാഗം ഉയർത്തിക്കെട്ടണമെന്ന് സർക്കാർ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ നടപടികൾ ഏത് ഘട്ടംവരെയായി;

(ഡി) നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെങ്കിൽ കാരണമെന്താണ്; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി പഞ്ചായത്തിന് ഇത്തരത്തിൽ ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി)&(ഡി) പഞ്ചായത്തിന്റെ തതു ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly